# സ്പന്ദനം @ 2019

G.H.S.S PERIKKALLOOR



**LITTLE KITES**
**GHSS PERIKKALLOOR**
**2018-19**


KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
GHSS PERIKKALLOOR
സ്പന്ദനം@ 2019

# സന്ദേശം

പെരിക്കല്ലൂർ ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുവെന്നതിൽ സന്തോഷിക്കുന്നു. ഐസിടി മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങളും ഐസിടി പഠനപ്രവർത്തനങ്ങളും എല്ലാവർക്കും മാതൃകയാണ്. അതിൽ പങ്കാളികളായ എല്ലാവർക്കും നന്മകൾ നേരുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പുറത്തിറങ്ങുന്ന മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നതോടൊപ്പം, ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ഹാർദ്ദവമായി അഭിനന്ദിക്കുന്നു.

ബാലനാരായണൻ കെ.എം

ഹെഡ്മാസ്റ്റർ, ജി.എച്ച്. എസ്. പെരിക്കല്ലൂർ.

# OUR HEADMASTER



BALANARAYANAN K M


GOVT. HIGHER SECONDARY SCHOOL
SINCE 1957
PERIKKALLUR
GHSS PERIKKALLOOR
Perikkalloor p.o.,wayanad
Phone:04936 23230(H.S),04936 234157(HSS)
Email:hmghssperikkalloor@gmail.com

## സ്പന്ദനത്തിനു പിന്നിൽ



മുഹമ്മദ് ഫായിസ് പി എം, വിഷ്ണു ഒ എസ്,റോയൽറോയ്, മിഥുലാജ് അഷറഫ്,

ആദർശ് മോഹനൻ, അമൽ കൃഷ്ണ, അഭിജിത്ത്, റംഷീന കെ, സോണിയ

ജെയിംസ്, ഗോപിക കെ ജി

## ഉള്ളടക്കം

സന്ദേശം....3
മുഖമൊഴി....8
ചരിത്ര വഴികളിലൂടെ....9
കാട്ടുപൂവ്....13
പ്രകൃതി....14
ചിത്ര രചനകൾ....15
ഡോ. എ.പീ.ജെ അബ്ദുൽ കലാം....16
യാഥാർഥ്യം....17
മറക്കാവാനാത്തപ്രളയം....18
ചില നിമിഷങ്ങളിലൂടെ....19
സ്നേഹദൂതുമായി ക്രിസ്മസ് ആഘോഷം....21
അഭിമാനം, എൻറെ നാടിനുവേണ്ടി....22
അലക്സിന്റെ കുടുംബം....24
മറക്കാനാവാത്ത പ്രണയം....26
വിദ്യാലയം.. ഞങ്ങളുടെ സ്വപ്നം....27
കടപ്പാട്....28

# മുഖമൊഴി

വിജ്ഞാനം വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഇക്കാലത്ത് അറിവിന്റെ നിർമ്മാണവും വിനിമയവും വളരെവേഗം നടക്കുന്നു. അറിവ് എന്നത് സാമൂഹികമായി സൃഷ്ടിക്കപ്പെടുന്നതും സാംസ്കാരികമായി നയിക്കപ്പെടുന്നതും ചരിത്രപരമായി അടയാളപ്പെടുത്തുന്നതുമായ ഒരു യാഥാർത്ഥ്യമാണ്.പഠിക്കുക എന്നതിനർത്ഥം അറിയുക എന്നതിനോടൊപ്പം മാറുക എന്നത് കൂടിയാണ്.വൈജ്ഞാനിക ശേഷികളും നൈപുണികളും നേടുന്നതിനും അവ സാമൂഹ്യജീവിതത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിനും അതുവഴി ഒരു പുതിയ തലമുറയുടെ സൃഷ്ടിയുമാണ് വിദ്യാഭ്യാസത്തിന് ലക്ഷ്യം ആവേണ്ടത്. പഠനപ്രക്രിയ ലളിതവും സരസവും അനുഭവവേദ്യമാക്കുകയും ആണ് പ്രധാനം.

ഉൽപതിഷ്ണുക്കളായ കവിയുടെ കനങ്ങൾ വിജ്ഞാനത്തിന്റെ പുതിയ പാതകൾ തേടുന്ന രാജ്യങ്ങളുടെ അതിർത്തി വരുമ്പോൾ ചെറുതായി ലോകം ഒന്നായി മാറുന്നു. അറിവിന്റെ വിനിമയം നിമിഷങ്ങൾകൊണ്ട് സാധിക്കുന്ന അതിന്റെ ഭാഗമാകട്ടെ ഡിജിറ്റൽ മാഗസിൻ.

# ചരിത്ര വഴികളിലൂടെ

മുള്ളൻകൊല്ലി പഞ്ചായത്തിലെ ആദ്യ സർക്കാർ ഹൈസ്കൂളായ പെരിക്കല്ലൂർ ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൻറെ ആരംഭം 1957-ലാണ്. കേരളത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്ന് പെരിക്കല്ലൂരിലേക്ക് 1950 കളിൽ കുടിയേറ്റ ജനങ്ങൾ കബനീനദിയുടെ തീരത്തായി ചാത്തൻകോട്ട് ജോർജ്ജ് ജന്മിയായ കുപ്പത്തോട് ദാമോദരൻ നായരിൽനിന്ന്1948 ൽ വാങ്ങിയ 108 ഏക്കർ ഭൂമിയിലേക്ക് എത്തിച്ചേർന്നു. ഇന്നത്തെ 33 മുതൽ പെരിക്കല്ലൂർ കടവ് വരെയുള്ള ഭാഗങ്ങളിലായി കുടിയേറ്റക്കാർ താമസമുറപ്പിച്ചു. പുതിയ കുടിയേറ്റക്കാരുടെ മക്കളെ അക്ഷരം പഠിപ്പിക്കാൻ ഒറവക്കുഴി മത്തായി വെളിയന്നൂരിൽ നിന്ന് എഴുത്താശാനെ കൊണ്ടു വരികയും തന്റെ വീട്ടിൽ തന്നെ കളരി ആരംഭിക്കുകയും ചെയ്തു.ഇരുപതോളം കുട്ടികളാണ് കളരിയിയിൽ ഉണ്ടായിരുന്നത്.

പാവപ്പെട്ട കുടിയേറ്റ ജനതയുടെ മക്കൾക്ക് ആവശ്യമായ തുടർവിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത ചർച്ചയാകുകയും തുടർന്ന് വിദ്യാലയ രൂപീകരണ കമ്മിറ്റി ഉണ്ടാക്കുകയും ചെയ്തു. ഒറവക്കുഴി മത്തായി പ്രസിഡന്റുംഎൻ. സി വർക്കി നെല്ലൂർ സെക്രട്ടറിയുമായ കമ്മിറ്റിയുടെ നേതൃത്വത്തിൽ 1056 ന്റെ അവസാനത്തിൽ അന്നത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റ് പീ.ടി ഭാസ്കരപ്പണിക്കരെ ഈ ആവശ്യവുമായി സമീപിക്കുകയും അദ്ദേഹം പെരിക്കല്ലൂരിൽ ഒരു ഏകാധ്യാപക വിദ്യാലയം ആരംഭിക്കാനുള്ള അനുമതി നൽകുകയും ചെയ്തു.1957 ജൂൺ മാസത്തിൽ പെരിക്കല്ലൂർ ഗവൺമെൻറ് എൽ പി സ്കൂൾ അനുവദിച്ച് ഉത്തരവായി. അദ്ദേഹം പാലക്കാട് സ്വദേശിയായ ഇ. ചിദംബരൻ സാറിനെ പെരിക്കല്ലൂരിലേക്ക് അയച്ചു . അങ്ങനെ 1957 ജൂൺ പതിനാലാം തീയതി ചൊവ്വാഴ്ച കബനീനദിയുടെ തീരത്തായി പെരിക്കല്ലൂർ ഗവൺമെൻറ് ഹയർ സെക്കറി സ്കൂൾ ഉദ്ഘാടനം: അന്നു മരക്കടവ് ഗവൺമെൻറ് എൽ പി സ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന എൻ. ജെ ജോൺ നിരവത്ത് നിർവഹിച്ചു. തുടർന്ന്ഒറവക്കുഴി മത്തായിയുടെ നിലത്തെഴുത്ത് പഠിച്ചുകൊണ്ടിരുന്ന 20 കുട്ടികളെയും സ്കൂളിൽ ചേർത്തു. കബനീനദിയുടെ കടവിനടുത്ത് ഇപ്പോൾ കിരാതമൂർത്തി ഭജനമംമിരിക്കുന്നതിന്റെ എതിർവശത്ത് അന്ന് താമസിച്ചിരുന്ന പൊയ്കയിൽ കുട്ടിയുടെ ആൾതാമസമില്ലാതിരുന്ന ചെറിയ പുല്ലുമേഞ്ഞ കുടിലിലാണ് ആദ്യ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.1957 ൽ ഒന്നും രണ്ടും ക്ലാസുകൾ ഒരുമിച്ച് ആരംഭിച്ചു. ഒന്നാം ക്ലാസിൽ11 കുട്ടികളും രണ്ടാം ക്ലാസിൽ 9 കുട്ടികളുമാണ് ഉണ്ടായിരുന്നത്

1958 ൽ മൂന്നാം ക്ലാസ്സും 1959 ൽ നാലാം ക്ലാസും ആരംഭിച്ചു. പെരിക്കല്ലൂരിലെ ഭൂദാന

പ്രസ്ഥാനത്തിന്റെ ചുമതലക്കാരനായിരുന്ന എൻ.സി വർക്കി നെല്ലൂർ ഇന്നത്തെ കടവ് ഭാഗത്തുള്ള ഭൂദാന പ്രസ്ഥാനത്തിന്റെ ഒരേക്കറോളം ഭൂമി സ്കൂൾ പ്രവർത്തനങ്ങൾക്കായി വിട്ടുനൽകി. 1958 ഇവിടെ താൽക്കാലിക ഷെഡ് നിർമ്മിച്ച് സ്കൂൾ ഇവിടേക്ക് മാറ്റി. ഇല്ലി മെടഞ്ഞുണ്ടാക്കിയ കച്ചിപ്പുര ആയിരുന്നു ആദ്യ സ്കൂൾ.

പെരിക്കല്ലൂർ ഗവൺമെൻറ് എൽ പി സ്കൂളിലെ ആദ്യ അധ്യാപകൻ ഇ. ചിദംബരൻ സാറായിരുന്നു. 6 മാസത്തെ സ്തുത്യർഹ സേവനത്തിനുശേഷം അസുഖം മൂലം അദ്ദേഹം പാലക്കാട്ടേക്ക് തിരിച്ചുപോയി. തുടർന്ന് മത്തായി കുട്ടി സാർ, രാഘവൻ സാർ, പുരുഷോത്തമൻ സാർ,ചൊക്ലിരാമൻ സാർ എന്നിവർ അധ്യാപകരായി വന്നു. ആദ്യകാല അധ്യാപകരിൽ ഏറെയും എവിടെ തലശ്ശേരിക്കാരായിരുന്നു. ഇവർ മാനന്തവാടി- ബാവലി- ബൈരക്കുപ്പ വഴിയാണ് നാട്ടിൽനിന്നും പെരിക്കല്ലൂരിൽ എത്തിയിരുന്നത്. കൊച്ചു പുരയിൽ, ചാത്തൻകോട് എന്നീ കുടുംബങ്ങളിലാണ് ആദ്യകാലത്ത് ഇവർ താമസിച്ചിരുന്നത്. ഏത് അധ്യാപകർ ഓഫീസ് ആവശ്യത്തിന് വൈത്തിരിയിൽ പോകുമ്പോൾ മര കടവിൽനിന്ന് ജോൺസാർ വന്ന ക്ലാസെടുത്തിരുന്നു.

1957 മുതൽ 1961 വരെ നാലുവർഷക്കാലം പെരിക്കല്ലൂർ ഗവൺമെൻറ് എൽ പി സ്കൂൾ കടവിന് അടുത്തുള്ള കച്ചിപ്പുരയിൽ പ്രവർത്തിച്ചു. 1961 ലെ കാലവർഷം അതിശക്തമായിരുന്നു. 1961 ജൂൺ നാലാംതീയതി കബനി നദിയിൽ ഉണ്ടായ കനത്ത വെള്ളപ്പൊക്കത്തിൽ ഉൾപ്പെടെയുള്ള തീരത്തെ കെട്ടിടങ്ങളെല്ലാം ഒലിച്ചുപോയി. ഇതോടെ സ്കൂളിൻറെ പ്രവർത്തനവും സ്കൂൾ കെട്ടിടവും ആദ്യകാല രേഖകളുമെല്ലാം മഴവെള്ളം കൊണ്ടുപോയി.

സ്കൂളിൻറെ പ്രവർത്തനം അനിശ്ചിതത്വത്തിൽ ആയതോടെ ആലുവ സ്കൂളിലെ മുൻ അധ്യാപകനും പെരിക്കല്ലൂരിൽ ആദ്യം ഉടമയുമായ ചാത്തം കോട്ട് ജോർജ് സാർ തൻറെ ഭൂമിയിൽനിന്ന് ഒരേക്കർ ഭൂമി മുള്ളൻകൊല്ലി- പെരിക്കല്ലൂർ വഴിയോരത്ത് ഇന്നത്തെ സ്കൂൾ സ്ഥലം സൗജന്യമായി നൽകി. അങ്ങനെ 1961 ൽ തന്നെപെരിക്കല്ലൂർ ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ ഇന്നത്തെ സ്ഥലത്ത് പ്രവർത്തനമാരംഭിച്ചു.

തുടർന്ന് സർക്കാർ ധനസഹായമായി ലഭിച്ച 9000 രൂപയും ജനങ്ങളിൽനിന്ന് സമാഹരിച്ച് 500 രൂപയും ചേർത്ത് സ്കൂളിന് പുതിയ ആസ്ബറ്റോസ് മേഞ്ഞ കെട്ടിടം നിർമ്മിക്കുകയും പ്രവർത്തനം അതിലേക്ക് മാറ്റുകയും ചെയ്തു. മുട്ടത്ത് പൈലി ആയിരുന്നു ഈ കെട്ടിടത്തിലെ കോൺടാക്ടർ.

1957 മുതൽ 61 വരെയുള്ള സ്കൂൾ രേഖകൾ വെള്ളപ്പൊക്കത്തിൽ നശിച്ചതിനാൽ 1961-ൽ ഇന്നത്തെ സ്ഥലത്ത് സ്കൂൾ പ്രവർത്തനം തുടങ്ങിയതോടെ പുതിയ സ്കൂൾ രേഖകൾ തയ്യാറാക്കി സൂക്ഷിക്കാൻ തുടങ്ങി. 1961- 62 ലെ ആദ്യ അഡ്മിഷൻ രജിസ്റ്റർ പ്രകാരം പെരിക്കല്ലൂർ ഗവൺമെൻറ് എൽ പി സ്കൂളിലെ ആദ്യ വിദ്യാർത്ഥി അഗസ്ത്യൻ ജോർജ് വെളിയത്തുമാലിയിൽ ആണ്. ചന്ദ്രൻ നായർ കെ. കെ കുടക് പറമ്പിൽ എന്നിവരാണ് 2, 8 നമ്പറുകളിൽ ആയി പ്രവേശനം നേടിയത്. 1961-62 ൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി 143 കുട്ടികളാണ് സ്കൂൾ പ്രവേശനം നേടിയത് 143 മത്തെ ജോസഫ് വി. ടി വെച്ചു വെട്ടിക്കൽ ആയിരുന്നു.
1968- 69 ൽ പ്രൈമറി ആക്കി ഉയർത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പെരിക്കല്ലൂർ പള്ളി വികാരി ഫാദർ ഫിലിപ്പ്തൊടുകയിലിന്റെ നേതൃത്വത്തിൽ അപ്ഗ്രഡേഷൻ കമ്മിറ്റി പ്രവർത്തിച്ചു. 1974 പെരിക്കല്ലൂർ ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. ശ്രീ കുട്ടപ്പൻ സാറായിരുന്നു പ്രധാന അദ്ധ്യാപകൻ.
ഫാദർ ജേക്കബ് കളപ്പുര പെരിക്കല്ലൂർ പള്ളി വികാരിയായി വന്നതോടെ സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു.
ഫാദർ ജേക്കബ് കളപ്പുര രക്ഷാധികാരിയും മത്തച്ചൻ തറയിൽ കൺവീനറുമായ കമ്മിറ്റി ഹൈസ്കൂൾ അപ്ഗ്രഡേഷനു വേണ്ടി പ്രവർത്തനം വിപുലീകരിച്ചു. തന്നെ വീണ്ടും സ്ഥലം ആവശ്യമായ ഇതോടെ പഞ്ചായത്ത് ഫണ്ടും നാട്ടുകാരോട് സമാഹരിച്ച പണവും ഉപയോഗിച്ച് വീണ്ടും കൊച്ചു പുരയിൽ വർക്കിയിൽ നിന്ന് ഒരേക്കറോളം സ്ഥലം വാങ്ങി. 1980 ൽ സ്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1983 ൽ ആദ്യ എസ്.എസ്.എൽ.സി ബാച്ച് 50% വിജയത്തോടെ സ്കൂൾ പഠനം പൂർത്തിയാക്കി.
ചൊക്ലി രാമൻ സാർ, കൃഷ്ണൻകുട്ടി സാർ, തമ്പി സാർ , ശിഹാബുദ്ധീൻ സാർ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഇക്കാലത്ത് എടുത്തുപറയേണ്ടതാണ്.
പത്താംതരം പാസ്സാകുന്ന കുട്ടികൾക്ക് ഹയർസെക്കൻഡറി പഠനം വളരെ ദുർഘടം ആയതോടെ മുള്ളൻകൊല്ലി പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളായിരുന്ന പെരിക്കല്ലൂരിൽ ഹയർസെക്കൻഡറി വേണമെന്ന ആവശ്യം ശക്തിപ്പെട്ടു. എൽസി ടീച്ചർ

പ്രധാന അധ്യാപക ആയിരിക്കുമ്പോൾ നടത്തിയ സ്തുത്യർഹമായ പ്രവർത്തനങ്ങളുടെ ഫലമായി 2007-ൽ പെരിക്കല്ലൂർ ഗവൺമെൻറ് ഹൈസ്കൂളിനെ ഹയർസെക്കൻഡറി ആയി ഉയർത്തുകയും സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് വിഭാഗങ്ങളിലായി അധ്യായനം ആരംഭിക്കുകയും ചെയ്തു. 2009 മാർച്ചിൽ ആദ്യ പ്ലസ് ടു ബാറ്റ് പഠനം പൂർത്തിയാക്കി. വൈകി പഠനം ആരംഭിച്ചിട്ടും 55 ശതമാനം വിജയം ആദ്യ ബാച്ചിന് നേടാനായി.
നിലവിൽ പെരിക്കല്ലൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിനെ 2 ഏക്കർ 95 സെൻറ് സ്ഥലം ആണുള്ളത്. അങ്കണവും, കെട്ടിടങ്ങളും, വിശാലമായ കളിസ്ഥലങ്ങളും കർണാടക സംസ്ഥാനത്തെ ബൈരകുപ്പ പഞ്ചായത്തിലെ താമസക്കാരായ മലയാളികളുടെ മക്കളുമടക്കം ആയിരത്തോളം കുട്ടികൾ എൽ. കെ. ജി മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിൽ ഇവിടെ അധ്യയനം നടത്തുന്നു.

ഫർസാന ഉമ്മർ

XB

# കാട്ടുപൂവ്

ചിതറി തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെ ഈ പുഞ്ചിരി ഒന്നു മാത്രം
മഴവില്ല് പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും
കൃഷ്ണതുളസി കതിർതുമ്പു മോഹിക്കും
നിന്റെ ഈ വാർമുടി ചുരുളിൽ എത്താൻ
പൂജയ്ക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിന്നരികിലെത്താൻ
മണമില്ല മധു വില്ല പൂജയ്ക്ക് എടുക്കില്
താനേ വളർന്നൊരു കാട്ടുപൂവാണ് ഞാൻ
വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള
പൂജയ്ക്കെടുക്കാത്ത കാട്ടുപൂവ് ഞാൻ
ഇഷ്ടമാണെന്നൊന്നു ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻ മുമ്പിൽ എത്തിടുമ്പോൾ
നിന്റെ കൊലുസിന്റെ നാദങ്ങളിൽ ഞാൻ
കാതോർത്തു വന്നൊന്നു നിന്നിടുന്നു
ഒന്നും പറയാതെ അറിയാതെ പോയിടുന്നു
ഇഷ്ടമല്ലെന്നൊരു വാക്കു നീ ചൊല്ലിയാൽ
വ്യർത്ഥമായി പോകുമെൻ ജീവിതം
നീ നടക്കും വഴിയോരത്ത് എന്നെ
കണ്ടാൽ ചിരിക്കാതെ പോകരുതേ...
നിന്റെയി പുഞ്ചിരി മാത്രം മതി റെഡ്
എനിക്കിനിയുള്ള കാലം കാത്തിരിക്കാൻ

പ്രജിത്ത് എ പ്രമോദ്

# പ്രകൃതി

കാത്തിരിക്കുന്നു ഞാനാ നല്ല നാളിന്റെ
ആകമാം മാമരച്ചോട്ടിലായി
ആദിയുമില്ലാതെ അങ്കലാപ്പില്ലാതെ
കാത്തിരിക്കുന്നു ഞാൻ ഏകനായി
വൈവിധ്യപൂർണമായുള്ളൊരി പ്രകൃതി
എൻറെ ജന്മനാടീ പ്രകൃതി
ടാറിട്ട റോഡില്ല വൈദ്യുതിയും ഇല്ല
ഓലയാൽ മേഞ്ഞൊരു കൂരകളും
അമ്മ പകർന്നൊരു നന്മകൾ ഒക്കെയും
നാം കാത്തുസൂക്ഷിക്കുന്നൊരി പ്രകൃതി
മരണികാടുകൾ തിങ്ങിവിങ്ങുന്നൊരി
മരതക കാന്തിയിൽ മുങ്ങിന്നൊരി പ്രകൃത
എത്ര സുന്ദരമാണെന്റെയി പ്രകൃതി
എത്ര സുന്ദരമാണെന്റെയി ഭൂമി

പ്രജിത്ത് .എ. പ്രമോദ്.

# ചിത്ര രചനകൾ












# വിജയ വീഥികൾ




ഉപജില്ല സാമൂഹ്യ ശാസ്ത്ര മേളയിൽ ഓവറോൾ



സംസ്ഥാന സാമൂഹ്യ ശാസ്ത്ര മേളയിൽ

പ്രാദേശിക ചരിത്ര രചനയിൽ A ഗ്രേഡ്

കരസ്ഥമാക്കിയ ഫർസാന ഉമ്മർ



# ഡോ. എ.പീ.ജെ അബ്ദുൽ കലാം

സംസാരിക്കുമ്പോൾ സത്യം പറയുക
വാഗ്ദാനം ചെയ്ത സമയത്ത് പ്രവർത്തിക്കുക
നിങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടുത്താതിരിക്കുക

- ഡോ.എ.പീ.ജെ അബ്ദുൽ കലാം

# യാഥാർത്ഥ്യം

ഇന്നലെകളിൽ
അപരിചിതത്വത്തിന്റെ
നിഷ്ക്രിയത്വത്തിൽ
വരൾച്ച ബാധിച്ച മുഖങ്ങൾ
കൂട്ടിമുട്ടുമ്പോൾ തെന്നി അകലുന്ന മിഴികൾ....

ഇന്ന്
വിധിയുടെ വിഹായസ്സിൽ
ചിറകുകൾ ചേർത്ത്
മനസ്സുകൾ കോർത്ത്
തിരിച്ചറിയുന്നു
സ്നേഹത്തിൻറെ തൂവൽസ്പർശം
നാളെ
ഒരിക്കലും കരയാറില്ലാത്ത...
ദേശാടനകിളികളെ പോൽ
നീയും അകലേക്കു മറയുമ്പോൾ
എൻറെ ആകാശത്തിൽ
വീണ്ടും ഒരു മഴവില്ലു കൂടി....
ഓർമ്മ പുസ്തകത്തിൽ
വീണ്ടും ഒരു താളുകൂടി....

**by**
***Rasiya [teacher]***

# മറക്കാവാനാത്തപ്രളയം

2018 ആഗസ്റ്റ് മാസം നാമെല്ലാവരും ഭീതിയോടെ നോക്കി കണ്ട് മാസമായിരുന്നു കേരള ജനത ഒന്നടങ്കം സങ്കടത്തിലാഴ്ത്തി പ്രണയ കടൽ ആർത്തലച്ച് ചെയ്ത മഴ മഴക്കെടുതിയിൽ പൊലിഞ്ഞ ജീവനുകൾ നാമാവശേഷമായ വീട്ടുകൾ ഇന്നും നാം ഭയത്തോടെ നോക്കി ഓർത്തു നിന്ന് കാഴ്ചകളാണ് ഇതൊക്കെ ഇതുവരെ മനുഷ്യൻ കഷ്ടപ്പെട്ട് കെട്ടിപ്പടുത്ത ഓരോന്നും പ്രളയം നിഷ്പ്രയാസം കൊണ്ടുപോയി ഇപ്പോഴും പ്രത്യേക തങ്ങൾ ഏറ്റുവാങ്ങി ജീവിക്കുന്നവർ ഉണ്ട്. ഇതെല്ലാം നമുക്ക് പ്രകൃതി നൽകുന്ന പാഠങ്ങൾ ആണ് നാം ചെയ്ത ക്രൂരതകൾ ഓട് നമുക്ക് തന്നെ ശിക്ഷ ജീവൻ തന്ന അമ്മയ്ക്ക് തുല്യമായ ഭൂമിയെ ജീവന്റെ നിലനില്പിനാധാരമായ പൃകൃതിയെ നാം മുറിവേല്പിച്ചു തന്റെ സുഖസൗകര്യത്തിനുവേണ്ടി പായുന്ന മനുഷ്യൻ പ്രകൃതിയെ ഒന്നൊന്നായി നശിപ്പിച്ച് കൊണ്ടിരുന്നു പക്ഷേ ഒന്നും നമ്മുടെ അധീനതയിൽ അല്ല എന്ന സത്യം അവൻ മനസ്സിലായിരുന്നില്ല. കാറ്റും മഴയുമൊന്നും നമുക്ക് നിയന്ത്രിക്കാനാവില്ല പൃകൃതിയുടെ കണ്ണുനീരാണ് നാം പ്രളയമായി അനുഭവിച്ചത് സങ്കടം സഹിക്കാനാവാതെ അവൾ വിങ്ങിപൊട്ടി കരഞ്ഞു . നദികൾ കവിഞ്ഞു ഡാമുകൾ തുറന്നു പൃളയത്തിൽ മുങ്ങി കേരളം ഇനി നവകേരളമാണ് പൃകൃതിയെയും മനുഷ്യനെയും സ്നേഹിച്ചു സഹായിച്ചും ഇനി നമുക്ക് സഹിഷ്ണുതയോടെ മുന്നേറാം

by
അഞ്ജിത അജി

# ചില നിമിഷങ്ങളിലൂടെ















ചില .. നിമിഷങ്ങളിലൂടെ...





# സ്നേഹദൂതുമായി ക്രിസ്മസ് ആഘോഷം

**സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പങ്കുവെയ്ക്കലിന്റെയം നവ്യാനുഭവം പകരുന്നതായിരുന്നു ഈ വർഷത്തെ ക്രിസ്മസ് ആഘോഷം. പരീക്ഷയുടെ തിരക്കുകൾക്കിടയിലും കരോളിനുവേണ്ട ഒരുക്കങ്ങൾ നടന്നു. അധ്യാപകരും കുട്ടികളും ഒത്തൊരുമിച്ച് പ്രയത്നിച്ചതിന്റെ ഫലമായി 20-10 തീയ്യതികളിൽ തന്നെ മനോഹരമായ പുൽക്കൂടും ക്രിസ്മസ് ട്രീയും ഒരുക്കി.21-ന് നടന്ന ആഘോഷത്തിൽ ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ ബാലനാരായണൻ സാർ, ഷാജിടീച്ചർഎന്നിവർ എന്നിവർ ക്രിസ്മസ് കേക്ക് നൽകി. തുടർന്ന് മാലാഖകുഞ്ഞുങ്ങളും, പൂജാരാജാക്കന്മാരും, ക്രിസ്മസ് പാഥയും,ബാൻഡ്മേളങ്ങളുമായി 33 ടൗണിലേക്കുള്ള നയനാനന്ദകരമായ കരോൾ നാട്ടുകാർ ഹൃദയത്തിലേറ്റ വാങ്ങി.**

**എന്നാൽ ഇതിനെല്ലാമപ്പുറത്ത് പങ്കുവയ്ക്കാനുള്ള കുട്ടികളുടെ മനസ്സിനെ അഭിനന്ദിക്കാതെ വയ്യാ.മറ്റുള്ളവർക്ക് നൽകാനയി കുട്ടിക് കൊണ്ടുവന്നത് തേങ്ങ, ശർക്കര,പഞ്ചസാര,പരിപ്പ്, ഉഴുന്ന്, ചായപ്പൊടി,കറിപ്പൊടികൾ, തുടങ്ങി ധാരാളം ഭക്ഷ്യവസ്തുക്കൾ. ഇവയെല്ലാം പതിനാറ് പായ്ക്കറ്റുകളിലാക്കി ,വെട്ടുത്തുർ കോളനിയിലേക്ക് കിലോമീറ്ററുകൾ താണ്ടിയുള്ള യാത്ര കുട്ടികളുടെ സ്നേഹത്തിൻറെ തെളിവായിരുന്നു. വെട്ടുത്തുർ പഠന വീട്ടിൽ 16 കുടുംബങ്ങളും അധ്യാപകരും കുട്ടികളും ഒരുമിച്ചുകൂടി കരോൾ ഗാനങ്ങൾ പാടി. എല്ലാ കുടുംബങ്ങൾക്കും ക്രിസ്മസ് കിറ്റ് നൽകി അവരോട് ഒത്തിടപഴകുന്ന കുട്ടികളെ കണ്ടപ്പോൾ മാലാഖമാരുടെ ഗാനം അവിടെ അലയടിക്കുന്നുണ്ടായിരുന്നു" ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം"**

ഗോപിക കെ ജി

# അഭിമാനം, എൻറെ നാടിനുവേണ്ടി

ഇന്നലെവരെ കിഴക്ക് മുതൽ പടിഞ്ഞാറ് വരെ ഉണ്ടായിരുന്ന സംഭവവികാസങ്ങൾ ഇരുണ്ടതായിരുന്നു. ആത്ര തോളം അതിജീവനത്തിന് പാതയിൽ കിടന്നുവിറച്ച ഇന്നിതാ എഴുന്നേറ്റിരിക്കുന്നു. ഘടികാരത്തിൽ വെള്ളം കയറിയതിനാൽതന്നെ ഇന്ന് നേരത്തെ എഴുന്നേറ്റു. ഒരു മഹത്തരമായ ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പാണിത്, എൻറെയും എൻറെ നാടിനെയും ഒരുമയോടെ കൂട്ടുകൂടി നിന്നിടാം എന്ന സന്ദേശം ഉളവാക്കാൻ ഇന്നെന്താ വളരെ ഉത്കൃഷ്ടനായ, ഉന്മേഷവാനായി ഞാൻ ഒരുങ്ങിയിറങ്ങി. കാറുമെടുത്ത് റോഡിലൂടെ കറങ്ങിത്തിരിഞ്ഞ് കൂട്ടുകാരെല്ലാം ഒരുമിച്ച് നിർത്തി. ഇനി ഓഫീസിലേക്കും പോവണം. ഇന്നെന്റെ ജീവിതത്തിലെ നല്ലൊരു നിമിഷം ആവട്ടെ അത് എന്ന് ഞാൻ പ്രത്യാശിക്കുന്നു.

രണ്ടാംനില ആയതിനാൽ തലമുറ പതിവു മുടങ്ങാതെ എല്ലാം അതെ ചാരിതാർത്ഥ്യത്തോടെ നിലനിൽക്കുന്നുണ്ട്. അല്ല ഞങ്ങളുടെ സംഘടനയുടെ പ്രവർത്തനം പ്രളയത്തിൽ മുങ്ങിയ വീടുകൾ വൃത്തിയാക്കൽ ഓരോ വീടിന്റെയും അവസ്ഥ പരിതാപകരം തന്നെ .ഇരുണ്ടു മൂടിയ നിലവറകൾ മണ്ണും ചെളിയും എല്ലാം തളംകെട്ടി നിൽക്കുന്നു. ജനലും വാതിലും എല്ലാം മണ്ണിനാൽ മൂടപ്പെട്ടിരിക്കുന്നു. ആകെ ക്ഷീണിതനാണ് ഞാൻ എന്നാലും ഇതെല്ലാം നാടിനുവേണ്ടിയാണെന്നതിനാൽ ഞാൻ അഭിമാനിക്കുന്നു. ഞാൻ ഓഫീസിലെത്തി എൻറെ പ്രൊജക്റ്റ് വിജയിച്ചാൽ അതിൽനിന്നും ലഭിക്കുക കേവലം സന്തോഷമല്ല. മറിച്ച് അഭിമാനമാണ് എൻറെ കൊച്ചു കേരളത്തെ പുനർനിർമ്മിക്കാൻ ആ പഴയ സ്ഥിതിയിൽ ആക്കാനും എല്ലാവരും വട്ടമേശ സമ്മേളനം ചെയ്തു. എംടിയും,സിഒയു എല്ലാം എത്തി. ധൈര്യത്തോടെ ഞാൻ അല്പം ധൈര്യത്തോടെ ഞാൻ എൻറെ പ്രൊജക്റ്റ് വിശുദ്ധ വിശകലനം ചെയ്യാൻ ഒരു 10 പേജോളം വായിച്ചു മനസ്സിലാക്കി കൊടുത്തു. എന്തുകൊണ്ട് കേരളത്തിൽ ഇനിയൊരു പ്രളയം ഉണ്ടായിക്കൂടാ? അങ്ങനെ വന്നാൽ അത് നാം എങ്ങനെ ചെറുത്തു നിൽക്കും? അതിനുവേണ്ടി നമുക്ക് ഇപ്പോഴെ എന്തെല്ലാം ചെയ്യാൻ കഴിയും? വീട് നഷ്ടപ്പെട്ടവർക്കുള്ള വീടുണ്ടാക്കാൻ ഭാരിച്ച ചില കൊണ്ടാകും. ഇങ്ങനെയുള്ള

ചോദ്യങ്ങൾ ഞാൻ എല്ലാവരോടും ആവർത്തിച്ചു... ഇതിനൊക്കെയുതകുന്ന ഒരു വീടാണിത് എന്റെ പ്രൊജക്റ്റ്. ഇനിയൊരു പ്രളയം ഉണ്ടായാൽ അതിനെ ചെറുക്കാൻ കാരണം ഈ വീട്പ്രളയം വരുമ്പോൾ തറയിൽനിന്ന് അഞ്ചുമുതൽ പത്തുമീറ്റർവരെ ഉയരും അതിജീവിക്കാൻ കഴിയും. പ്രത്യേക മരംകൊണ്ട് ഉണ്ടാക്കുന്ന ഒരു വീടാണിത്. ഇതിൻറെ നിർമ്മിതിക്കായി ഏകദേശം നാലുലക്ഷം രൂപയെ ചിലവ് വരികയുള്ളൂ. അതിനാൽ നമുക്ക് ഈ കോൺട്രാക്ട് കിട്ടിയാൽ നമ്മുടെ കമ്പനി ഓഹരി വർദ്ധിക്കാൻ ഇടയാകും. ഞാൻ കുറച്ചുഫോട്ടോസും വീഡിയോസും കാണിച്ചുകൊടുത്തു. എന്നിട്ടും ശാസ്ത്രം വിട്ടു അൽപനേരം നിന്നപ്പോഴേക്കും കയ്യടിയുടെ അഭിമാനശബ്ദം ഞാൻ കേട്ടു ....

തെസ്ലീം ദാരി

# അലക്സിന്റെ കുടുംബം

ഒരിടത്തൊരിടത്ത് ഒരു അതിമനോഹരമായ ഗ്രാമം . ആ ഗ്രാമത്തിനപ്പുറം ഒരു കുന്നിൻ ചെരിവ്. ആ കുന്നിൻചെരുവിൽ മുകളിൽ കയറി നിൽക്കുമ്പോൾ ഗ്രാമത്തിലെ എല്ലാ കാഴ്ചകളും കാണാൻ കഴിയും. ആ കുന്നിന്റെ താഴ്വരയിൽ ആയി ഒരു ചെറിയ വീടുണ്ട്. ആ വീട്ടിൽ 25 വയസ്സ് പ്രായം തോന്നിക്കുന്ന അലക്സ് എന്ന യുവാവ് ഉണ്ട്. കുറ്റബോധം കൊണ്ടോ സംഘർഷ ബോധം കൊണ്ടോ ഉരുകി ഇരിക്കുന്ന മനസ്സിനുടമയാണ് അദ്ദേഹം. ഒരിക്കൽ സ്വന്തം നാടുവിട്ട് ഇറങ്ങിത്തിരിച്ചതാണ് ആ ഗ്രാമത്തിലേക്ക്. പിന്നീട് ഗ്രാമത്തിലെ ഒരു സുന്ദരിയായ യുവതിയെ സ്നേഹിച്ചു. മേഘ എന്ന പെൺകുട്ടി അവനെ കുറിച്ച് കൂടുതൽ അറിയാൻ ശ്രമിച്ചു. പറയാൻ അലക്സ് താൽപ്പര്യം കാട്ടിയിരുന്നില്ല . എങ്കിലും പറയേണ്ടിവന്നു. കൈനകരിയിൽ ആയിരുന്നു അദ്ദേഹത്തിന്റെ വീടും കുടുംബവും . ഒരിക്കൽ അലക്സിന്റെ അച്ഛൻ അയാളുടെ ഭാര്യയുമായി പിണങ്ങി. അലക്സിനെ അത് വളരെയധികം ബാധിച്ചു. അച്ഛനെയും അമ്മയുടെയും പിണക്കം വർധിച്ചുവന്നു. ആരുടെ ഭാഗത്താണ് ന്യായമെന്ന് മനസ്സിലായില്ല. അവരുടെ പിണക്കത്തിനിടയിൽ അടിപിടി ഉണ്ടായി. അലക്സ് പേടിച്ച് അച്ഛനെ പിടിച്ചുമാറ്റി. അയാൾ തല ഇടിച്ചു വീണു. എന്തുചെയ്യണമെന്നറിയാതെ അനിയത്തി അമല പകച്ചു നിന്നുപോയി. ആളുകൾ കൂടി അലക്സ് ഓടി. ഓടിയോടി മടുത്ത് ഒരു വലിയ ലോറിയിൽ കയറി. അങ്ങനെ ഈ ഗ്രാമത്തിൽ ചെന്നു പറ്റി. ഇപ്പോൾ തന്റെ കുടുംബത്തെപ്പറ്റി ഒന്നുമറിയില്ല. എന്ത് അവസ്ഥയിലാണ്, എങ്ങനെ ജീവിക്കുന്നു എന്നൊക്കെ?. അലക്സിനെ കുറിച്ച് പറഞ്ഞപ്പോൾ മേഘ ഒരുപാട് ചോദ്യങ്ങൾ മുന്നോട്ടുവെച്ചു. അതിനെല്ലാം ഉത്തരം നൽകി ഒടുവിൽ അപ്രതീക്ഷിതമായ ഒരു സംഭവം നടന്നു. നടന്നു പോവുമ്പോൾ ഒരപകടം . അതിൽ അവൾ മരിച്ചു. അവളുടെ കുടുംബം അവനെ പ്രതിയായി ചിത്രീകരിച്ചു. അവസാനം അവൻ സ്വദേശത്തേക്ക് യാത്ര തിരിച്ചു. അവന് തന്നെ വീട്ടിൽ കാണാൻ സാധിച്ചത്. വിടിരുന്ന സ്ഥാനത്ത് ഒരു വലിയ ബിൽഡിങ് ആണ്. വീട്ടിലേക്കുള്ള ഇടവഴിയോ അടുത്തുള്ള കനാലോ അപ്പുറത്തേ മേച്ചിൽപ്പുറങ്ങളോ ഒന്നുംതന്നെ കാണ്മാനില്ല. ഇപ്പോൾ അതൊരു വലിയ സിറ്റി

ആയിരിക്കുന്നു. എൻറെ അമ്മ ഇന്നൊരഗതിമന്ദിരത്തിലാണ് കണ്ടെത്താൻ സാധിച്ചു. അവിടെനിന്ന് അമ്മയെ കൂട്ടി കൊണ്ടു പോവണമെന്ന് ആയിരുന്നു. തന്റെ സ്വത്തും ഒരുമ ഗ്രാമത്തിലെ പ്രശ്നങ്ങള ഉണ്ടാക്കി. തന്റെ കൊച്ചുവീട്ടിലേക്ക് അമ്മയെ കൂട്ടിക്കൊണ്ടുപോയി. ഇരുവർക്കും പറയുവാൻ വാക്കുകളില്ലായിരുന്നു അനിയത്തിയെ ഇന്നും അലക്സ് തിരഞ്ഞുകൊണ്ടിരിക്കുകയാണ്.

ജോസ്ന ജോസ്

# മറക്കാനാവാത്ത പ്രണയം

പോകല്ലേടി പെണ്ണെ പോകല്ലേടി
എന്നെ വിട്ട് നീപോകല്ലേടി
നിൻ അകൽച്ച എൻ മനസ്സ താങ്ങില്ല
എൻ ജീവിതം എന്നും നിനക്കാണെടി
എൻ മനസ്സിൽ എന്നും നീ മാത്രമായ്
നീയില്ലാത്തൊരു ജീവിതം വേണ്ടിനി

എന്നെ മറന്നു നീ പോയതെങ്ങോട്ട്
മറക്കുവാൻ കഴിയുമൊ നമ്മുടെ പ്രണയം
ആ നല്ല നാളുകൾ വസന്തത്താൽ നിറഞ്ഞില്ലെ
എല്ലാം മറന്നു നീ പോകുന്നതെങ്ങോട്ട്

ജീവിതം മുഴുവൻ നിൻ നിഴലായ് കഴിഞ്ഞീലെ
എന്നിട്ടും നീയെന്തെ എല്ലാം മറന്നത്
എന്താണെന്നറിയില്ല എങ്ങനെ എന്നറിയില്ല
എൻ മനസ്സിൽ എന്നും നിൻ മുഖം മാത്രമായ്

നിന്റ ആ ചുണ്ടുകൾ ഒന്നു പുഞ്ചിരിച്ചാൽ
ആയിരം പൂക്കൾ എൻ മനസ്സിൽ വിടരും
ആ സുന്ദര മിഴികൾ എന്നെയൊന്നു നോക്കിയാൽ
എൻ മനസ്സ് ആനന്ദാശ്രു പൊഴിക്കും
നിന്റെ ആ പൂ മുഖത്തെ പുഞ്ചിരി ഒന്നു മാഞ്ഞാൽ
എൻ മനസ്സിന്നത് താങ്ങുവാൻ കഴിയില്ല
പോകല്ലേടി പെണ്ണെ പോകല്ലേടി
എന്നെ വിട്ട് നീപോകല്ലേടി

മുഹമ്മദ് ഫായിസ്

# വിദ്യാലയം.. ഞങ്ങളുടെ സ്വപ്നം






JISHNU CS

# കടപ്പാട്

ഗവ.ഹയർസെക്കന്ററി സ്കൂൾ പെരിക്കല്ലൂർ ചരിത്ര പഥങ്ങളിൽ ഇതാദ്യമായാണ് ഞങ്ങളൊരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നത്. ഇതിന് നേതൃത്വം നൽകിയത് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റാണ്. ഈ മാഗസിൻ നിർമാണത്തിൽ ഞങ്ങൾക്ക് പിന്തുണ നൽകിയ ഹെഡ്മാസ്റ്റർ ബാല നാരായണൻ സർ, പ്രോത്സാഹിപ്പിച്ച അധ്യാപകർ , അക്ഷരങ്ങൾ ചെത്തി മിനുക്കി, സൃഷ്ടികൾ വർണാഭമാക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.................